പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2964       17.10.2016 -ൽ മറുപടിക്ക്

## താലൂക്കുകൾ കേന്ദ്രീകരിച്ച് സംഭരണ ശാലകൾ

| ചോദ്യം<br>**ശ്രീ.രാജു എബ്രഹാം** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ താലൂക്കുകൾ കേന്ദ്രീകരിച്ച് റേഷൻ സാധനങ്ങളും സപ്ലൈകോയുടെ സാധനങ്ങളും സംഭരിക്കുന്നതിനായി സംഭരണ ശാലകൾ അനുവദിക്കുന്നതിനുള്ള നീക്കമുണ്ടോ; | (എ) 29.08.2016 ലെ സ.ഉ(കൈ) നം. 11/2016/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം റേഷൻ വിതരണ രംഗത്തുള്ള സ്വകാര്യ മൊത്ത വിതരണ ശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ താലൂക്കുകളിൽ ഇത്തരം സംഭരണ ശാലകൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്; ഈ സ്ഥലങ്ങൾ ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ; | (ബി) നെയ്യാറ്റിൻകര, കുന്നത്തൂർ, റാന്നി, അമ്പലപ്പുഴ, മീനച്ചിൽ, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൃശ്ശൂർ, കൊടുങ്ങല്ലൂർ, ചാലക്കുടി, ചാവക്കാട്, പാലക്കാട്, തളിപ്പറമ്പ്, കോഴിക്കോട്, കൊയിലാണ്ടി, മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിൽ ഗോഡൗൺ പണിയുന്നതിലേയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറി നല്കണം എന്നാവശ്യപ്പെട്ടു കൊണ്ട് അതാത് ജില്ലാ കളക്ടർമാർക്ക് റിക്വസിഷൻ ഫോം നല്കിയിട്ടുണ്ട്. |
| (സി) റാന്നി താലൂക്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ; ഈ സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; | (സി) ഉണ്ട്. റാന്നി താലൂക്കിൽ ഏലന്തൂർ ബ്ലോക്കിൽ ചെറുകോൽ വില്ലേജിൽ. ഈ സ്ഥലം സിവിൽ സപ്ലൈസ് വകുപ്പിന് പതിച്ച് നല്കണം എന്നാവശ്യപ്പെട്ടു കൊണ്ട് പത്തനംതിട്ട ജില്ലാ സപ്ലൈ ആഫീസർ ജില്ലാ കളക്ടർക്ക് കത്ത് നല്കിയിട്ടുണ്ട്. |
| (ഡി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ താലൂക്കുകൾ കേന്ദ്രീകരിച്ച് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ നിർത്തലാക്കാൻ സാധ്യതയുണ്ടോ; അങ്ങനെ വന്നാൽ താലൂക്കുകൾ കേന്ദ്രീകരിച്ച് സംഭരണ ശാലയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്വകാര്യ സംരംഭകർക്ക് പകരം സർക്കാർ അധീനതയിൽ ഗോഡൗണുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | വെയർഹൗസിംഗ് കോർപ്പറേഷൻ വക ഉപയോഗിക്കാതെ കിടക്കുന്ന സംഭരണ ശാലകൾ ഈ ആവശ്യത്തിനായി ഉപയോഗിച്ചാൽ, അനാവശ്യ സാമ്പത്തിക ചെലവ് ഒഴിവാക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ